**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2557** **13-02-2024 - ൽ മറുപടിയ്ക്ക്**

**അടിവാരം-കേളൻമൂല റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന അടിവാരം-കേളൻമൂല റോഡിന് കിഫ്ബി ധനാനുമതി നൽകുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കുമോ; | (എ) | 10.07.2017 തീയതിയിലെ G.O (Rt) No. 942/2017/PWD പ്രകാരം 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച അടിവാരം കേളംമൂല റോഡ് (23.7 കി.മീ) പ്രവൃത്തിയ്ക്കായി പൊതുമരാമത്ത് നിരത്ത് വിഭാഗം മുഖേന തയ്യാറാക്കിയ DPR പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB 27/08/2019-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് അവലോകനം നടത്തി DPR കിഫ്ബി മാനദണ്ഡ പ്രകാരം പരിഷ്കരിച്ച് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് 29/01/2020-ന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിരുന്നു.<br><br>പ്രസ്തുത പ്രവൃത്തിക്ക് കേളൻമൂല മുതൽ അടിവാരം വരെ 23.7 കിലോമീറ്റർ പൊതുമരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നു. എന്നാൽ കേളൻമൂല - അടിവാരം റോഡ് കടന്നു പോകുന്ന അടിവാരത്തിനും കാക്കവയലിനും ഇടയിലുള്ള ചില സ്ഥലങ്ങൾ അലൈൻമെന്റിൽ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് ബഹു. തിരുവമ്പാടി എം.എൽ.എ 07/02/2022-ലെ കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭാഗം ഉൾപ്പെടുത്തി അടിവാരം മുതൽ കണ്ണപ്പൻകുണ്ട് വരെയുള്ള ഭാഗത്തെ റീ-ഇൻവെസ്റ്റിഗേഷൻ റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലബോറട്ടറി (RIQCL) മുഖേന തയ്യാറാക്കിയതായും, ശേഷിക്കുന്ന ഭാഗത്തെ ആവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തി DPR തയ്യാറാക്കുന്നതിന് പൊതുമരാമത്ത് PPU വിഭാഗത്തിന് 01/12/2023-ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, അതിന്റെ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിക്ക് ധനാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | നിർവ്വഹണ ഏജൻസി DPR കിഫ്ബിക്ക് സമർപ്പിക്കുന്ന മുറയ്ക്ക്, ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ച് പദ്ധതിയ്ക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ